**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 156      **13-07-2016 ൽ മറുപടിക്ക്**

# വിജിലൻസിന് സ്വതന്ത്ര അധികാരം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. പി.കെ. ശശി**<br>**ശ്രീ.ജെയിംസ് മാത്യു**<br>**ശ്രീ. ഡി.കെ. മുരളി**<br>**ശ്രീ. കാരാട്ട് റസാഖ്** | **ശ്രീ. പിണറായി വിജയൻ**<br>**(ബഹു. മുഖ്യമന്ത്രി)** |
| എ) വിജിലൻസ് സംവിധാനം നിഷ്ക്രിയമായതിനും ദുരുപയോഗം ചെയ്തതിനും മുൻ സർക്കാരിന്റെ കാലത്ത് കോടതികളിൽ നിന്നു പോലും വിമർശനം ഏറ്റുവാങ്ങേണ്ടി വന്ന സാഹചര്യത്തിൽ വിജിലൻസിനെ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | എ) അഴിമതി തുടച്ചുനീക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ വിജിലൻസ് സംവിധാനത്തെ ശക്തിപ്പെടുത്തും. വിജിലൻസ് സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നത് കുറ്റകൃത്യങ്ങൾക്ക് വഴങ്ങുന്ന സ്വഭാവമുള്ളവർ, പ്രവർത്തനങ്ങൾ, സ്ഥലങ്ങൾ, പ്ലാനുകൾ, പദ്ധതികൾ എന്നിവ കണ്ടെത്തുന്നതിലാണ്. വിജിലൻസിനെ കാര്യക്ഷമമാക്കാൻ നിഷ്ക്രിയരോ, അല്ലെങ്കിൽ സംവിധാനം ദുരുപയോഗം ചെയ്യുന്നതോ ആയ ഉദ്യോഗസ്ഥരെ വിജിലൻസിൽ നിന്നും ഒഴിവാക്കി പകരം കാര്യശേഷിയുള്ള, അഴിമതിരഹിതരായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. വിജിലൻസ് സംവിധാനത്തെ ദുരുപയോഗം ചെയ്യാത്ത അഴിമതിരഹിതരും കാര്യക്ഷമതയുമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുക വഴി വിജിലൻസിനെ കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിക്കും. |
| ബി) വിജിലൻസിന് സ്വതന്ത്ര അധികാരം നൽകുന്നതിനെക്കുറിച്ച് പഠിക്കാനായി കേരള ഹൈക്കോടതി അമിക്കസ് ക്യൂറിയെ നിയമിക്കാനിടയായ സാഹചര്യം വിശദമാക്കാമോ ; | ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) No. 2530/14, 2272/15 എന്നീ കേസുകളിൽ 18-06-15 ൽ പുറപ്പെടുവിച്ച ഉത്തരവിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് സ്വതന്ത്ര അധികാരം, പ്രവർത്തന സ്വാതന്ത്ര്യം എന്നീ കാര്യങ്ങൾ പഠിക്കുന്നതിന് വേണ്ടി 2 അമിക്കസ് ക്യൂറിമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ടായിരുന്നു. ഈ വിധിയ്ക്കെതിരെ സർക്കാർ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ സമർപ്പിക്കുകയും സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | വിജിലൻസ് സ്വതന്ത്ര നിലയിൽ പ്രവർത്തിച്ചാൽ മാത്രമേ അഴിമതി നിർമ്മാർജനം സാദ്ധ്യമാകുകയുള്ളൂ എന്നത് കണക്കിലെടുത്ത് സത്യസന്ധരായ ഉദ്യോഗസ്ഥരെ നിയമിച്ച് വിജിലൻസ് സംവിധാനം ഫലപ്രദമാക്കുമോയെന്ന് വ്യക്തമാക്കുമോ ? | സി) | സത്യസന്ധരും കാര്യക്ഷമവുമായ ഉദ്യോഗസ്ഥരെ മാത്രമേ വിജിലൻസിൽ നിയമിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**